"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ- തൃശ്ശൂർ ജില്ലയിലെ കർഷകരുടെ വ്യക്തിഗത അപേക്ഷകളിന്മേൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിൽ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.1173/2023/AGRI തീയതി,തിരുവനന്തപുരം, 02-12-2023

---

പരാമർശം:-
1. സ.ഉ (സാധാ) നം. 1283/2015/കൃഷി തീയതി 28.07.2015
2. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 17.06.2022 തീയതിയിലെ PB.1204/21/KSFDRC/TS നമ്പർ കത്ത്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 22.02.2023 തീയതിയിലെ RCS/6823/2022-G(2) നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ഇഞ്ചക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തത്തിൽ നിന്ന് വായ്പയെടുത്ത ശ്രീമതി. ഷെറീന യൂസഫ് എന്ന വ്യക്തിക്ക് കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ നൽകിയിരുന്ന വ്യക്തിഗത അപേക്ഷതീർപ്പ കൽപ്പിക്കുന്നതിന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക 37,500/- രൂപ അനുവദിക്കണമെന്ന് പരാമർശം ( 2 ) പ്രകാരം കമ്മീഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പരിശോധനകൾക്ക് ശേഷം പ്രസ്തുത അവാർഡ് തുകയായ 37,500/- രൂപയ്ക്ക് (മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) അർഹതയുണ്ടെന്ന് പരാമർശം ( 3 ) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ച കടാശ്വാസ വിതരണത്തിനായി 2023-24 സാമ്പത്തിക വർഷത്തെ 2401-00-104-86(01)-34-03 NP ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയിൽ നിന്നും 37,500/- രൂപ (മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) തൃശ്ശൂർ ജില്ലയിലെ ഇഞ്ചക്കുണ്ട് സർവ്വീസ് സഹകരണ ബാങ്കിന് ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം (BAMS) വഴി വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കൃഷി ഡയറക്ടർ 2401-00-104-86(01)-34-03 NP എന്ന ശീർഷകം ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റത്തിലെ (BAMS) ആവശ്യമായ വിഹിതവുമായി സഹകരണ സംഘം രജിസ്ട്രാർക്ക് ക്രോസ്സ് മാപ്പ് ചെയ്ത് നൽകേണ്ടതും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബഴ്സിംഗ് ഓഫീസർ (DDO) ടി തുക ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (BiMS) മുഖേന പിൻവലിച്ച് ഇഞ്ചക്കുണ്ട് സർവ്വീസ് സഹകരണ ബാങ്കിന് വിതരണം ചെയ്യേണ്ടതുമാണ്.

5 . തുക വിതരണം ചെയ്ത ശേഷം കൃഷി ഡയറക്ടർ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ
ധനകാര്യ വകുപ്പ് ( 24.11.2023 തീയതിയിലെ E 2072273 Agri-C1/96/2022-FIN പ്രകാരം)
സഹകരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക് വകുപ്പ് ( Web & New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineeshkumar
Date: 04-12-2023 09:48:36
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്